**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1817** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഇൻസുലിൻ പമ്പ് വാങ്ങുന്നതിന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ടൈപ്പ്-1 പ്രമേഹബാധിതരായ കുട്ടികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന നൽകി വരുന്ന സഹായങ്ങൾ വിശദമാക്കാമോ; | (എ) | ടൈപ്പ്-1 പ്രമേഹബാധിതരായ കുട്ടികൾക്ക് പരിചരണം ഉറപ്പാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖാന്തിരം നടപ്പാക്കുന്ന പദ്ധതിയാണ് മിഠായി. ഈ പദ്ധതിയിൽ കുട്ടികൾക്ക് നല്കുന്നത് വേദനയില്ലാത്തതും എളുപ്പം ഉപയോഗിക്കാൻ പറ്റുന്നതുമായ ആധുനിക പെൻ ഇൻസുലിനാണ്. ടൈപ്പ്-1 പ്രമേഹരോഗം ബാധിച്ചവർക്ക് ഇൻസുലിൻ പെൻ , പെൻ നീഡിൽ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ലാൻസറ്റ് , കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സെൻസർ, ഇൻസുലിൻ പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും, ആരോഗ്യ ചികിത്സ, ഭക്ഷണകാര്യ ഉപദേശങ്ങളും പരിരക്ഷയും നല്കി വരുന്നു. കുട്ടികൾക്ക് കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷ സംവിധാനങ്ങളും ഉൾപ്പെടെ ആറ് ഘട്ടങ്ങൾ ഉൾപ്പെട്ട ഒരു ബൃഹത്തായ പദ്ധതിയാണിത്. |
| (ബി) | പ്രസ്തുത കുട്ടികൾക്ക് ഇൻസുലിൻ പമ്പ് വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകിവരുന്നുണ്ടോ; ഇല്ലെങ്കിൽ ഇൻസുലിൻ പമ്പ് വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുമോ; | (ബി) | മിഠായി പദ്ധതിയിലൂടെ സൗജന്യ ചികിത്സയാണ് നല്കി വരുന്നത്. അർഹരായ ഗുണഭോക്താക്കൾക്ക് സൗജന്യമായിട്ടാണ് ഇൻസുലിൻ പമ്പ് നല്കി വരുന്നത്. |
| (സി) | 'മിഠായി പദ്ധതി' സംബന്ധിച്ച വിശദാംശം നൽകാമോ; | (സി) | സാമൂഹ്യ നീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി ടൈപ്പ്-1 പ്രമേഹരോഗം ബാധിച്ച 18 വയസ്സ് വരെയുള്ള കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നല്കുന്നതിന് ആരംഭിച്ച സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയാണ് മിഠായി.മിഠായി പദ്ധതിയിൽ കുട്ടികൾക്ക് നല്കുന്നത് വേദനയില്ലാത്തതും എളുപ്പം ഉപയോഗിക്കാൻ പറ്റുന്നതുമായ ആധുനിക പെൻ ഇൻസുലിനാണ്. പദ്ധതി ആരംഭിച്ച 2017 മുതൽ നാളിതുവരെ 1730-ൽ അധികം കുട്ടികൾക്ക് ഈ പദ്ധതി കൈത്താങ്ങായിട്ടുണ്ട്.ടൈപ്പ്-1 പ്രമേഹരോഗം |

| | | | |
|---|---|---|---|
| | | | ബാധിച്ചവർക്ക് ഇൻസുലിൻ പെൻ , പെൻ നീഡിൽ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ലാൻസറ്റ് , കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സെൻസർ, ഇൻസുലിൻ പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും, ആരോഗ്യ ചികിത്സ, ഭക്ഷണകാര്യ ഉപദേശങ്ങളും പരിരക്ഷയും നല്കി വരുന്നു. കുട്ടികൾക്ക് കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷ സംവിധാനങ്ങളും ഉൾപ്പെടെ ആറ് ഘട്ടങ്ങൾ ഉൾപ്പെട്ട ഒരു ബൃഹത്തായ പദ്ധതിയാണിത്. പ്രത്യേക സോഫ്റ്റ് വെയർ (www.mittayi.org) വഴിയാണ് രജിസ്ട്രേഷനും തുടർനടപടികളും സ്വീകരിച്ചു വരുന്നത്.സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതിയുടെ സേവനം നല്കി വരുന്നു. നടപ്പ സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി 3.8 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | ഇടുക്കി ജില്ലയിലെ ടൈപ്പ്-1 പ്രമേഹരോഗ ബാധിതരായ കുട്ടികളുടെ എണ്ണം മണ്ഡലം തിരിച്ച് നൽകാമോ? | (ഡി) | ഇടുക്കി ജില്ലയിൽ 116 കുട്ടികൾ മിഠായി പദ്ധതി ഗുണഭോക്താക്കളാണ്.മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ